©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം, ചൊവ്വ<br>Thiruvananthapuram, Tuesday | 2021 ജൂൺ 1<br>1st June 2021<br>1196 ഇടവം 18<br>18th Idavam 1196<br>1943 ജ്യേഷ്ഠം 11<br>11th Jyaishta 1943 | നമ്പർ<br>No. | 22 |

# PART III
# Co-operative Department

### ആലപ്പുഴ സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ (ജനറൽ) പുറപ്പെടുവിക്കുന്ന ഉത്തരവ്

(ഹാജർ : ബി. എസ്. പ്രവീൺ ദാസ്)

നമ്പർ സി.ആർ.പി. (2) 5695/2018. 2021 ഏപ്രിൽ 20.

വിഷയം :—സഹകരണ വകുപ്പ്—നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 2331—സംഘം സമാപ്തീകരിക്കുന്നതിന്റെ ഭാഗമായി 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 72(1) പ്രകാരം ലിക്വിഡേറ്ററെ നിയമിച്ച് ഉത്തരവ് ആകുന്നത്—സംബന്ധിച്ച്.

സൂചന :—(1) ബഹു. കേരള ഹൈക്കോടതിയുടെ 12-3-2018-ാം തീയതിയിലെ WP (C) നമ്പർ 6278/2005 റിട്ട് പെറ്റീഷനിലെ വിധി ന്യായം.

(2) ബഹു. സഹകരണ സംഘം രജിസ്ട്രാറുടെ 1-2-2021-ാം തീയതിയിലെ സി. പി. (2) 556/2019 നമ്പർ കത്ത്.

(3) അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കുട്ടനാട് ആഫീസിലെ ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടറുടെ 66-ാം വകുപ്പ് പ്രകാരമുള്ള പരിശോധന റിപ്പോർട്ട്.

(4) ഈ ആഫീസിലെ 20-2-2021-ാം തീയതിയിലെ സി. ആർ. പി. (2) 5695/2018 നമ്പർ നോട്ടീസ്.

നെടുമുടി വില്ലേജ് സർവ്വീസ് സഹകരണ സംഘം (ക്ലിപ്തം) നമ്പർ 2331-ലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ടി സംഘത്തിൽ നിക്ഷേപിച്ചിരുന്ന നിക്ഷേപകരുടെ നിക്ഷേപ തുക തിരികെ നൽകുന്നതിന് സംഘത്തിന് കഴിയാതെ വരികയും ഇതിനെതിരെ ശ്രീ. ജോസ് കുര്യൻ മുതൽ പേർ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) 6278/2005 നമ്പർ റിട്ട് പെറ്റീഷൻ സൂചന (1) പ്രകാരം വിധിയായിട്ടുള്ളതാണ്. ടി വിധി ന്യായത്തിൽ വിധി ഉത്തരവ് തീയതി മുതൽ 4 മാസത്തിനകം നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകണമെന്നും ടി കാലയളവിന് ശേഷവും നിക്ഷേപ തുക നിക്ഷേപകർക്ക് തിരികെ നൽകുവാൻ കഴിയുന്നില്ലായെങ്കിൽ സംഘത്തെ ലിക്വിഡേറ്റ് ചെയ്ത് നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുന്നതിനാണ് ബഹു. കേരള ഹൈക്കോടതി നിർദ്ദേശിച്ചിരുന്നത്. ടി വിധി ഉത്തരവിലെ നിർദ്ദേശാനുസരണം നിക്ഷേപകരുടെ

നിക്ഷേപ തുക നിക്ഷേപകർക്ക് തിരികെ നൽകുവാൻ സംഘത്തിന് സാധിച്ചിട്ടില്ലാത്തതാണ്. ഈ സാഹചര്യത്തിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി സഹകരണ നിയമം വകുപ്പ് 66 പ്രകാരം പരിശോധന നടത്തുന്നതിന് കുട്ടനാട് അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസിലെ ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടർ ശ്രീ. കെ. പി. ജോഷിയെ പരിശോധന ഉദ്യോഗസ്ഥനായി നിയമിക്കുകയും പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധന പൂർത്തീകരിച്ച് റിപ്പോർട്ട് സൂചന (3) പ്രകാരം സമർപ്പിച്ചിട്ടുള്ള തുമാണ്. ടി പരിശോധന റിപ്പോർട്ടിൽ ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കുന്നതിന് പരിശോധന ഉദ്യോഗസ്ഥൻ ശുപാർശ ചെയ്തിട്ടുള്ളതുമാണ്. ഈ വിഷയത്തിൽ സംഘം ഭരണസമിതിയെ നേരിൽ കേൾക്കുന്നതിന് നോട്ടീസ് നൽകുകയും 27-11-2019-ാം തീയതിയിൽ ഈ ആഫീസിൽ വച്ച് നേരിൽ കേട്ടിട്ടുള്ളതുമാണ്. ടി സംഘം പ്രസിഡന്റ് ശ്രീ. എൻ. കെ. രഘുനാഥൻ വിശദീകരണം രേഖാമൂലം സമർപ്പിക്കുകയും ചെയ്തിരുന്നു. ബഹു. കേരള ഹൈക്കോടിയുടെ നിർദ്ദേശാനുസരണം ലിക്വിഡേഷൻ നടപടികൾ സ്വീകരിക്കാവുന്നതാണെന്ന് സംഘം പ്രസിഡന്റിന്റെ വിശദീകരണത്തിൽ പരാമർശിച്ചിട്ടുണ്ട്. കൂടാതെ ഈ വിഷയത്തിൽ ബഹു. സഹകരണസംഘം രജിസ്ട്രാറോട് അഭിപ്രായം ആരാഞ്ഞതിൽ ടി സംഘത്തിൽ നിന്നും നിക്ഷേപ തുക തിരികെ ലഭിക്കുന്നത് സംബന്ധിച്ച റിട്ട് പെറ്റീഷനുകളിലെ പൊതുവായ ടി വിധി ന്യായപ്രകാരം ടി ബാങ്കിനെ ലിക്വിഡേറ്റ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന് ബഹു. സഹകരണ സംഘം രജിസ്ട്രാർ സൂചന (2) കത്തിലൂടെ ഈ ആഫീസിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

ടി സാഹചര്യത്തിൽ സംഘം പ്രവർത്തനം സമാപ്തീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നതിനെതിരെ എന്തെങ്കിലും ആക്ഷേപം ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനുള്ളിൽ രേഖാമൂലം ബോധിപ്പിക്കണമെന്ന് കാണിച്ച് ധനസഹായ ബാങ്കിനും, സർക്കിൾ സഹകരണ യൂണിയനും സൂചന (4) പ്രകാരം നോട്ടീസ് നൽകിയിരുന്നു. എന്നാൽ ടി നോട്ടീസിന്മേൽ യാതൊരു ആക്ഷേപവും ലഭിച്ചിട്ടില്ലാത്തതാകുന്നു.

മേൽ സാഹചര്യത്തിൽ എന്ത് ഉദ്ദേശലക്ഷ്യങ്ങൾ നിർവ്വഹിക്കുന്നതിന് വേണ്ടിയാണോ സംഘം രജിസ്റ്റർ ചെയ്യപ്പെട്ടത് ആ ഉദ്ദേശലക്ഷ്യങ്ങൾ കൈവരിക്കുന്നതിന് സംഘം പരാജയപ്പെട്ടതിനാലും സംഘങ്ങൾക്ക് സംഘത്തിന്റെ പ്രവർത്തനത്തിൽ താൽപര്യമില്ലാത്തതിനാലും സംഘം പ്രവർത്തനം പുനരുജ്ജീവിപ്പിക്കുവാൻ യാതൊരു സാധ്യതയും ഇല്ലാത്തതിനാലും സംഘത്തിൽ നിക്ഷേപിച്ചിരുന്ന നിക്ഷേപകരുടെ നിക്ഷേപം തിരികെ നൽകുവാൻ സംഘത്തിന് കഴിയാതെ വന്ന സാഹചര്യത്തിലും ബഹു. കേരള ഹൈക്കോടതിയുടെ സൂചന (1) വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ നെടുമുടി വില്ലേജ് സർവ്വീസ് സഹകരണസംഘം (ക്ലിപ്തം) നമ്പർ 2331-ന്റെ പ്രവർത്തനം 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 71 (1) പ്രകാരം സമാപ്തീകരിക്കുന്നതിന് ടി നിയമം വകുപ്പ് 72(1) പ്രകാരം അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) കുട്ടനാട് ആഫീസിലെ ചമ്പക്കുളം യൂണിറ്റ് ഇൻസ്പെക്ടറെ ലിക്വിഡേറ്ററായി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

ടി സംഘത്തിന്റെ എല്ലാ വിധ മുതലുകളുടേയും, റിക്കാർഡുകളുടേയും ചുമതല ലിക്വിഡേറ്റർ ഏറ്റെടുത്ത് വിവരം ഈ ആഫീസിലേക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ചാർജ്ജെടുക്കുന്ന തീയതിയിലെ വരവ് ചെലവ് കണക്കും ബാക്കിപത്രവും അയച്ച് തരേണ്ടതാണ്. സംഘത്തിന്റെ ആസ്തി ബാധ്യതകൾ തിട്ടപ്പെടുത്തി ആവശ്യമായ നിയമാനുസൃത തുടർ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

ലിക്വിഡേറ്റർ സഹകരണ നിയമം വകുപ്പ് 73 ചട്ടം 69 (12) എന്നിവയിൽ വ്യവസ്ഥ ചേർത്തിരിക്കുന്നത് പ്രകാരമുള്ള സമയപരിധിക്കകം ടി സംഘത്തിന്റെ സമാപ്തീകരണ നടപടികൾ പൂർത്തീകരിക്കേണ്ടതാണ്.

സഹകരണ സംഘം ജോയിന്റ്
രജിസ്ട്രാർ (ജനറൽ) ഓഫീസ്, (ഒപ്പ്)
ആലപ്പുഴ. ജോയിന്റ് രജിസ്ട്രാർ (ജനറൽ).



Salim A Digitally signed by Salim A
Date: 2021.07.16 13:43:24
+05'30'